## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 167 — 08.06.2015-ൽ മറുപടിക്ക്

### കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാലയിലെ (കുഫോസ്) അനധികൃത നിയമനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.സി.ജോർജ്ജ് | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാലയിൽ (കുഫോസ്) ഹൈക്കോടതി വിധി ലംഘിച്ച് അനധികൃത നിയമനങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ; | (എ) & (ബി) | കുഫോസിൽ നടത്തിയ അദ്ധ്യാപക നിയമനങ്ങളിൽ Fish Processing Technology, Aquaculture, Fish Breeding, Fishery Biology, Fish Taxonomy, Fish Pathology എന്നീ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾക്കെതിരായി WP(C) 5918/15, WP(C) 6112/15, WP(C) 6225/15, WP(C) 9054/15 യഥാക്രമം ശ്രീമതി.സിന്ധു, ശ്രീമതി.നിമ്മി ജോയ്സി, ശ്രീമതി.നിഷ രാജ്, ശ്രീ.മനോജ് സി.കെ. എന്നിവർ ബഹു.ഹൈക്കോടതിയിൽ Writ Petition ഫയൽ ചെയ്തിട്ടുണ്ട്. ഇടക്കാല ഉത്തരവു പ്രകാരം ഈ തസ്തികകളിലേയ്ക്ക് നിയമനം നടത്തിയിട്ടില്ല. |
| (ബി) | ഇതിനെതിരെ എന്തൊക്കെ നടപടികൾ ഇതു വരെ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാമോ; | | |
| (സി) | കൊച്ചി ആസ്ഥാനമായ സർവ്വകലാശാലയിൽ പ്രൊഫസറുടെ നിയമനത്തിന് വേണ്ടി ഫിഷറീസ് വകുപ്പിലെ ഒരു ഉന്നത ഉദ്യോഗസ്ഥൻ 10 കോടിയിലധികം രൂപ കൈപ്പറ്റിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഇനി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും വിശദമാക്കാമോ; | (സി) | ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇതേ തുടർന്ന് ബഹു.കേരള ഗവർണ്ണർ എന്തെങ്കിലും നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Jeyasree (signature)

സെക്ഷൻ ഓഫീസർ